(എഫ്) ടി. പദ്ധതിക്ക് വേണ്ടുന്ന സ്ഥലം ലഭ്യമായതിനുശേഷവും പ്ലാനിനും എസ്റ്റിമേറ്റിനും അന്തിമരൂപം നല്കിയതിനുശേഷവും മാത്രമേ ഈ പദ്ധതി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

(ജി) ബാധകമല്ല.

തൃപ്പൂണിത്തുറ ഉപഗ്രഹ നഗര പദ്ധതി

165 (2147) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഉപഗ്രഹ നഗരപദ്ധതിക്കായി ശമ്പളയിനത്തിൽ ഉൾപ്പെടെ എന്ത് തുക ഹൗസിംഗ് ബോർഡ് നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഈ പദ്ധതി ഉൾപ്പെടുന്ന രജിസ്ട്രേഷൻ സെന്ററിൽ വീടിനും ഫ്ളാറ്റിനും വേണ്ടി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തൃപ്പൂണിത്തുറ ഉപഗ്രഹ നഗരപദ്ധതിക്കായി ശമ്പളം ഉൾപ്പെടെ ഭവനനിർമ്മാണ ബോർഡ് നാളിതുവരെ 1,63,69,926 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) 2642 പേർ പ്ലോട്ടിനും

2686 പേർ വീടിനും

2055 പേർ ഫ്ളാറ്റിനും ഉൾപ്പെടെ മൊത്തം

7383 പേർ തൃപ്പൂണിത്തുറ രജിസ്ട്രേഷൻ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പുതുതായി സബ്രജിസ്ട്രാർ ഓഫീസുകൾ തുടങ്ങാൻ നടപടി

166 (2148) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി സബ്രജിസ്ട്രാർ ഓഫീസുകൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) കുഴൽമന്ദം നിയോജകമണ്ഡലത്തിൽപ്പെട്ട കോട്ടായി പഞ്ചായത്തിൽ സബ്രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോട്ടായി കേന്ദ്രമാക്കി ഒരു സബ്‌രജിസ്ട്രാർ ഓഫീസ് എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി സബ്‌രജിസ്ട്രാർ ഓഫീസുകൾ തുറക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഉണ്ട്.

(സി&ഡി) നിവേദനത്തിലെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2109, 2135 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി. സ്പീക്കർ : ഓർഡർ, ഓർഡർ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. ഇതൊരു പ്രധാനപ്പെട്ട വിഷയമായി ഇവിടെ ഉന്നയിക്കാം എന്നാണ് ചെയറിന് അതിനെ സംബന്ധിച്ച് പറയാനുള്ളത്. വളരെ പ്രധാനപ്പെട്ട കാര്യമായിട്ട് തന്നെ ഉന്നയിക്കാം. സബ്മിഷന്റെ കൂട്ടത്തിൽപ്പെടുത്താതെ എടുക്കാം.

II ശ്രദ്ധക്ഷണിക്കൽ

(1) കുട്ടനാട്ടിലെ ജലസേചന-ശുദ്ധജലവിതരണ പദ്ധതികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

ശ്രീ. തോമസ് ചാഴികാടൻ : സർ, കുട്ടനാട്ടിനെ രക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചതാണ് തണ്ണീർമുക്കം ബണ്ട്. എന്നാൽ 9.30 A.M.] ഈ ബണ്ടിന്റെ പ്രവർത്തനനിർവഹണത്തിലെ അപാകതകൾമൂലം കുട്ടനാട്ടിൽ പൊതുവേയും കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പ്രത്യേകിച്ചും അതിഗുരുതരമായ പ്രശ്നങ്ങളാണ് അനുഭവപ്പെടുന്നത്. ബണ്ടിന്റെ ഷട്ടറുകൾക്കിടയിലൂടെ ഓരുവെള്ളം കയറി നെൽകൃഷി നശിക്കുന്നത് കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ ആയിരക്കണക്കിന് ഹെക്ടർ പാടശേഖരങ്ങളിൽ ആണ്ടുതോറും സാധാരണ സംഭവമാണ്. ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തുന്നതോടുകൂടി കുട്ടനാടൻ മേഖലയിലാകെ അനുഭവപ്പെടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, കുടിവെള്ളക്ഷാമം, യാത്രാക്ലേശം, പകർച്ചവ്യാധികൾ ഇവമൂലം ജനങ്ങൾ കടുത്ത ദുരിതമനുഭവിക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യത്തിലേക്ക് സർക്കാരിന്റെയും ഈ സഭയുടെയും ശ്രദ്ധക്ഷണിക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്. കുട്ടനാടിനെ രക്ഷിക്കാനായി രൂപംനൽകിയ സമഗ്രപദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly